


# ക്രിസ്തുവിനെ അനുഭവിച്ച് പ്രേഷിതയായവൾ


യോഹ. 4: 1 – 26 Vol. 12, Issue: 35



ബ്ര. ടോണി മങ്ങാട്ടുപൊയ്കയിൽ MCBS


**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ പ്രിയ മാതാപിതാക്കളേ, സഹോദരങ്ങളേ,

മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശുക്രിസ്തു മനുഷ്യന് തന്നെത്തന്നെ വെളിപ്പെടുത്തിയതിനെ അനുസ്മരിക്കുന്ന ദനഹാക്കാലത്തിലൂടെയാണല്ലോ നാം ഇപ്പോൾ കടന്നുപോകുന്നത്. സമരിയാക്കാരി സ്ത്രീക്കു മുമ്പിൽ സ്വയം വെളിപ്പെടുത്തുന്ന ക്രിസ്തുവിനെയാണ് യോഹന്നാൻ സുവിശേഷത്തിലൂടെ തിരുസഭാമാതാവ് നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത്.

ജറുസലേമിലേക്കുള്ള യാത്രാമധ്യേ സമരിയായിലെ ഒരു കിണറ്റിൻകരയിൽ ദാഹിച്ചു നിൽക്കുന്ന യേശുവിനെയും യേശുവിൽ വരാനിരിക്കുന്ന രക്ഷകനെ തിരിച്ചറിയുന്ന സമരിയാക്കാരി സ്ത്രീയെയും അവളിലൂടെ രക്ഷയിലേക്കു കടന്നുവരുന്ന സമരിയാക്കാരെയുമാണ് സുവിശേഷം നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത്. സഭാപിതാവായ വി. അഗസ്തീനോസ് ഈ സുവിശേഷഭാഗത്തെ വ്യാഖ്യാനിക്കുമ്പോൾ, ഈശോയ്ക്കുണ്ടായ ദാഹം സമരിയാക്കാരിൽ വിശ്വാസം ജനിപ്പിക്കാനുള്ള ദാഹമായിരുന്നു എന്ന് പറഞ്ഞുവയ്ക്കുന്നു.

ഒന്നാമത്തെ പഴയനിയമ വായനയിൽ, കിണറ്റിൻകരയിൽ വച്ച് റാഹേലിനെ കണ്ടുമുട്ടുന്ന യാക്കോബിനെയാണ് വിശുദ്ധ ഗ്രന്ഥം നമുക്കു മുമ്പിൽ അവതരിപ്പിച്ചത്. പഴയനിയമ ചരിത്രത്തിൽ കിണറ്റിൻകരയിലെ കണ്ടുമുട്ടലുകളൊക്കെ വിവാഹത്തിലായിരുന്നു കലാശിച്ചിരുന്നത്. ഇസഹാക്കിന്റെ ഭൃത്യൻ റബേക്കായെയും യാക്കോബ് റാഹേലിനെയും മോശ സിപ്പോറായെയും കണ്ടുമുട്ടുന്നത് കിണറ്റിൻകരയിൽ വച്ചാണ്. ബൈബിൾ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ യേശു തന്റെ ഉടമ്പടി വധുവായ വിശ്വാസികളെ തേടി സമരിയായിലെ കിണറ്റിൻകരയിൽ എത്തുന്നതായാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്.

രണ്ടാമത്തെ വായനയിൽ സമരിയാക്കാരുടെ ഉത്ഭവത്തെക്കുറിച്ചാണ് നാം വായിച്ചുകേട്ടത്. ബി.സി. 721-ൽ അസ്സീറിയൻ സാമ്രാജ്യം ഇസ്രായേലിന്റെ പത്തു ഗോത്രങ്ങൾ ഉൾപ്പെടുന്ന വടക്കൻ പാലസ്തീനായെ കീഴടക്കി അവിടെയുള്ള കുറെ യഹൂദരെ അസ്സീറിയയിലേക്ക് നാടുകടത്തുകയും അസ്സീറിയയിലുള്ള അഞ്ച് നഗരങ്ങളിൽ നിന്നുള്ള വിജാതീയരെ സമരിയായിൽ അധിവസിപ്പിക്കുകയും ചെയ്തു. സമരിയായിൽ

ശേഷിച്ച യഹൂദർ ഇവരോട് കലർന്ന് അവരുടെ ആചാരങ്ങളെയും ദേവന്മാരെയും സ്വീകരിച്ച് സ്വയം കളങ്കിതരായി.

സമരിയാക്കാരി സ്ത്രീയോട്, നിനക്ക് അഞ്ച് ഭർത്താക്കന്മാരുണ്ടായിരുന്നു എന്നാൽ ഇപ്പോഴുള്ളവൻ നിന്റെ ഭർത്താവല്ല എന്നു പറയുമ്പോൾ സമരിയായുടെ പൂർവ്വകാല ചരിത്രത്തെ തന്നെയാണ് അർത്ഥമാക്കുന്നത്. അഞ്ച് വിജാതീയദേശങ്ങളുടെ ആചാരങ്ങളും ദേവസങ്കൽപങ്ങളും കൂട്ടിക്കലർത്തി ആറാമതൊന്നായി യഹോവയെയും സ്വീകരിച്ച് മിശിഹായുടെ വരവിനെ കാത്തിരിക്കുന്ന സമരിയായുടെ പ്രതീകം തന്നെയാണ് സുവിശേഷത്തിലെ സ്ത്രീ.

സുവിശേഷത്തിലൂടെ സഞ്ചരിക്കുമ്പോൾ, പടിപടിയായി ഈശോയെ തിരിച്ചറിയുന്ന സമരിയാക്കാരിയെയാണ് സുവിശേഷകൻ നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത്. ആദ്യം യഹൂദൻ ആയും ശേഷം പ്രവാചകനായും ഒടുവിൽ വരാനിരിക്കുന്ന ക്രിസ്തുവായും യേശുവിനെ മനസിലാക്കുന്ന സമരിയാക്കാരി സ്ത്രീ തന്റെ കുടം കിണറ്റിൻകരയിൽ ഉപേക്ഷിച്ച് താൻ കണ്ടെത്തിയ ക്രിസ്തുവിനെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനായി പട്ടണത്തിലേക്കു യാത്രയാകുന്നു. അങ്ങനെ ഈ സ്ത്രീ സുവിശേഷത്തിലെ ആദ്യ പ്രേഷിതയായി മാറുന്നു.

ഈ തിരുവചനഭാഗം വായിച്ച് ധ്യാനിച്ച് കടന്നുപോകുന്ന നമുക്കു മുമ്പിൽ സുവിശേഷം പ്രധാനമായും രണ്ടു വെല്ലുവിളികളാണ് ഉയർത്തുന്നത്. ഒന്നാമതായി, അനുദിന ജീവിതത്തിൽ ഈശോയെ അനുഭവിച്ചറിയാനുള്ള ഏറ്റവും നല്ല മാർഗ്ഗം തിരുവചന വായനയാണ്. സന്ധ്യാപ്രാർത്ഥനയോടു ചേർന്നുള്ള ഏതാനും നിമിഷത്തെ വചനവായനക്കപ്പുറം ഈശോയെ ആഴത്തിൽ അറിയാനും അനുഭവിക്കാനുമുള്ള ആഗ്രഹത്തോടെ വ്യക്തിപരമായി വചനം വായിക്കാൻ നമുക്ക് പരിശ്രമിക്കാം. അങ്ങനെ വചനത്തിൽ ഈശോയെ അനുഭവിച്ചറിയുമ്പോൾ ഈ വിശുദ്ധബലിയിലും ഈശോയെ തിരിച്ചറിയാൻ നമുക്ക് സാധിക്കും.

സുവിശേഷം നമുക്കു മുമ്പിൽ ഉയർത്തുന്ന രണ്ടാമത്തെ വെല്ലുവിളി, ജീവിതത്തിൽ നാം കൂടെ കൊണ്ടുനടക്കുന്ന പാപങ്ങളാകുന്ന, പാപസാഹചര്യങ്ങളാകുന്ന കുടങ്ങളെയൊക്കെ സമരിയാക്കാരി സ്ത്രീയെപ്പോലെ ഉപേക്ഷിക്കാനുള്ളതാണ്. ഇന്നത്തെ ഹെബ്രായ ലേഖനം നമ്മെ ഓർമ്മിപ്പിച്ചതും ഇതു തന്നെയാണ്. ''ഒരിക്കൽ പ്രകാശം ലഭിക്കുകയും സ്വർഗ്ഗീയസമ്മാനം ആസ്വദിച്ചറിയുകയും ചെയ്തവർ വീണുപോവുകയാണെങ്കിൽ അവരെ അനുതാപത്തിലേക്ക് പുനരാനയിക്കുക സാധ്യമല്ല. കാരണം അവർ ദൈവപുത്രനെ സ്വമനസ്സാ അധിക്ഷേപിക്കുകയും വീണ്ടും കുരിശിൽ തറക്കുകയും ചെയ്തിരിക്കുന്നു'' (ഹെബ്രാ. 6:6–7). അതിനാൽ സ്നേഹ മുള്ളവരേ, നമുക്ക് ഈശോയെ ബോധപൂർവ്വം കുരിശിൽ തറയ്ക്കുന്നവരാകാതിരിക്കാം.

അവസാനമായി സുവിശേഷം നമുക്കു മുമ്പിലേക്കു വച്ചുനീട്ടുന്ന അളവുകോലിനെ നമുക്ക് ആത്മപരിശോധനക്കു വിധേയമാക്കാം. ഈശോയെ അനുഭവിച്ചറിഞ്ഞ സമരിയാക്കാരി സ്ത്രീ, മറ്റുള്ളവരെ ക്രിസ്തുവിലേക്ക് നയിക്കുന്ന ഒരു പ്രേഷിതയായി രൂപപ്പെട്ടു. നമ്മുടെ ജീവിതസാഹചര്യങ്ങളിൽ നമ്മുടെ സഹോദരങ്ങളോട്, സ്നേഹിതരോട്, സഹപ്രവർത്തകരോട്, നാം കണ്ടുമുട്ടുന്ന വ്യക്തികളോട് ഈശോയെക്കുറിച്ചു പറയാനും അവരെ ഈശോയിലേക്ക് അടുപ്പിക്കാനും നമുക്ക് സാധിക്കുന്നില്ലെങ്കിൽ ഉള്ളിന്റെയുള്ളിൽ ഈശോയെക്കുറിച്ച് പറയാൻ ലജ്ജയും മടിയും അനുഭവപ്പെടുന്നുണ്ടെങ്കിൽ നമുക്ക് ഓർക്കാം, നമ്മുടെ ആത്മീയജീവിതത്തിൽ, പ്രാർത്ഥനാജീവിതത്തിൽ ഈശോയെ അനുഭവിച്ചറിയാൻ അൽപം കൂടി ആത്മാർത്ഥമായി നാം പരിശ്രമിക്കേണ്ടതുണ്ട്. ഈ വിശുദ്ധ ബലിയിൽ പങ്കെടുക്കുമ്പോൾ നമുക്ക് ഈശോയോട് ആത്മാർത്ഥമായി പ്രാർത്ഥിക്കാം, സമരിയാക്കാരെ മുഴുവൻ ദൈവാനുഭവത്തിന്റെയും വിശ്വാസത്തിന്റെയും ആഴങ്ങളിലേക്കു നയിച്ച ഈശോയേ, അനുദിന ജീവിതത്തിൽ അങ്ങയെ തിരുവചനത്തിലൂടെ അനുഭവിച്ചറിയാനും പാപത്തെയും പാപസാഹചര്യങ്ങളെയും പൂർണ്ണമായി ഉപേക്ഷിച്ച് ജീവിക്കാനും ഞങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കണമേ, ആമ്മേൻ.